(ബി) അടിയന്തിരമായി പോലീസ് കാർട്ടേഴ്സ് റാന്നിയിൽ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സ്വീകാര്യമായ ടെൻഡർ ലഭിക്കാതിരുന്നതുകൊണ്ടാണ് നിർമ്മാണത്തിനു കാലതാമസമുണ്ടായത്.

(ബി) പണി തുടങ്ങാനുള്ള ഏർപ്പാടുകൾ പൊതു മരാമത്തു വകുപ്പു സ്വീകരിച്ചുകഴിഞ്ഞു.

റാന്നി—പെരുനാട് പഞ്ചായത്തിൽ പോലീസ് സ്റ്റേഷൻ

995 [1604] ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

റാന്നി—പെരുനാട് പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

പോലീസ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളവർദ്ധനവ്

996 [1605] ശ്രീമതി ഓർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളവർദ്ധനവിനുള്ള വല്ലനിർദ്ദേശവും ഗവൺമെൻറിൻെറ സജീവ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ എന്തെല്ലാം;

(സി) 1970-നു ശേഷം സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളം എത്രപ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) രണ്ടുപ്രാവശ്യം 1-7-1973-ലും, 1-7-1978-ലും സംസ്ഥാന ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചപ്പോൾ പോലീസ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളവും പരിഷ്കരിക്കുകയുണ്ടായി.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം കഴിഞ്ഞു.

II റിപ്പോർട്ട് സമർപ്പണം

(i) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. എം.കെ. കൃഷ്ണൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 23-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ii) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ റിപ്പോർട്ട്

ശ്രീ. പി.കെ. ചാത്തൻ മാസ്റ്റർ: സർ, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ 5.ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

[Deputy Speaker in the Chair]

III ധനകാര്യം

1979.80 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെപ്പറ്റിയുള്ള പൊതു ചർച്ച— (തുടർച്ച)

ഡോക്ടർ കെ. ജി. അടിയോടി: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഈ ആണ്ട് ഏറ്റവും അധികം സാമ്പത്തിക ഭദ്രതയുള്ള ഒരു വർഷമാണെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. അവിടെ ഞങ്ങൾ ഉറച്ച് നിൽക്കുന്നു. ഇത് അലാവുദ്ദീന്റെ അത്ഭുതവിളക്കുപോലെ ഏതാനും നിമിഷംകൊണ്ട് ഉണ്ടാക്കിയതൊന്നുമല്ല. 6.ാം ധനകാര്യ കമ്മീഷന്റെയും 7.ാം ധനകാര്യ കമ്മീഷന്റേയും ശുപാർശകൾ കണക്കിലെടുത്തുകൊണ്ട് ഭീമമായ നേട്ടം ഈ രാജ്യത്ത് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ 1970 നുശേഷം കുത്തഴിഞ്ഞുകിടന്ന, തകർച്ചയിൽ മാത്രം കുടുങ്ങിക്കിടന്ന ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത ഒരു പരിധിവരെ വളർത്തി എടുത്തിട്ടുണ്ട്. 1970 നു ശേഷമുള്ള ഓരോ കാലഘട്ടത്തിലും പ്രത്യുൽപ്പാദനപരമായ രംഗത്ത് അതായത് പ്ലാൻ രംഗത്ത് ഓവർ ഡ്രാഫ്റ്റിന്റെ അടിസ്ഥാനത്തിൽ റിസർവ്വ് ബാങ്ക് ഈ സംസ്ഥാനത്തിന് പണം നൽകാതിരുന്നിട്ടും ഓരോ വർഷവും കൂടുതൽ തുക പ്ലാനിനുവേണ്ടി 40 ശതമാനംവരെ ഇവിടെ ചെലവാക്കിയിട്ടുണ്ട്. ഒരു തരത്തിലും പ്രത്യുൽപ്പാദനരംഗം തളർത്താൻ ആ കാലഘട്ടത്തിൽ മന്ത്രിസഭ അനുവദിച്ചിട്ടില്ല. ആ കാലഘട്ടത്തിൽ നല്ലൊരു പ്ലാനിംഗ് ബോർഡ് ഇവിടെ പ്രവർത്തിച്ചിരുന്നു. ഈ രാജ്യത്തിന്റെ സാമ്പത്തികശേഷി വർദ്ധിപ്പിക്കാൻ ചോർന്നുകൊണ്ടിരുന്ന നികുതി തട്ടിപ്പ് മാറി ഇന്ന് നിലവിലുള്ള നികുതി കൂട്ടാതെതന്നെ വർദ്ധനവ് ഇല്ലാതെതന്നെ സാമ്പത്തികശേഷി വർദ്ധിപ്പിക്കാൻ പ്രവർത്തിച്ചിട്ടുണ്ട്. പല ദുർചെലവുകളും കർശനമായി നേരിട്ടതിന്റെ ഫലമായി ആണ് ഈ സംസ്ഥാനത്തുള്ള ഉദ്യോഗസ്ഥൻമാർക്ക് കൂടുതൽ ശമ്പളം കൊടുക്കാൻ കഴിഞ്ഞത്. അത് ഇൻഡ്യയിൽ അങ്ങോളമിങ്ങോളമുള്ള മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും ഉയർന്ന നിലവാരം പുലർത്തുന്നതായ ഒന്നായിരുന്നു. ആ കാലഘട്ടത്തിലാണ് അത്ര ചെലവും നടത്തിയതെന്ന് അപ്പുറത്തിരിക്കുന്ന ആളുകൾ പറഞ്ഞു, എന്നാൽ ആ കാലഘട്ടത്തിൽ 40 ശതമാനമാണ് പ്ലാൻ പ്രവർത്തനത്തിനു വേണ്ടി ഈ രാജ്യത്ത് കൂടുതൽ ചെലവാക്കിയത്. ഇത് അത്രയും ഉണ്ടായിട്ടും ഇന്ന് 125 കോടി രൂപയോളം കേന്ദ്രത്തിൽനിന്നും സഹായം കിട്ടിയിട്ടുണ്ട്. ചിലത് എഴുതിത്തള്ളുകയും മറ്റുതരത്തിലുള്ള വിഭജനത്തുകകൊണ്ടുള്ള മെച്ചംകൊണ്ടും അതോടൊപ്പം സെയിൽസ് ടാക്സിൽ വന്നിട്ടുള്ള ബൃഹത്തായ വർദ്ധനവുകൊണ്ടും ആണ് ഇത്. ഈ വർദ്ധനവ് ഗുലാത്തി കമ്മിറ്റി റിപ്പോർട്ടിന്റെ ചില നടപടികൾ നടപ്പിലാക്കിയതിന്റെ ഫലമായി ആണ്. ഇനിയും ധാരാളം നടപടികൾ വേഗത്തിൽ എടുക്കേണ്ടതുണ്ട്. അതൊന്നും ഈ ഗവൺമെന്റ് ശ്രദ്ധി

LIBRARY ARCHIVES Kerala Legislative Assembly